

**മതസ്വത്വം, ആത്മീയത**

ബഷീറിയൻ പ്രപഞ്ചത്തിൽ-2

പഠനം

●

പി.എ നാസിമുദ്ദീൻ

# ബഷീറും സ്വൂഫിസവും

**ജീവിതത്തിന്റെ** രഹസ്യങ്ങൾ അറിയാനുള്ള ത്വര ബഷീറിൽ ചെറിയ പ്രായംതൊട്ടേ ഉണ്ടായിരുന്നു. സാമ്പ്രദായിക ജീവിതത്തിന്റെ ഘടനക്കുള്ളിൽ, അതിന്റെ അനുശാസനങ്ങൾ അന്ധമായി കൈപ്പറ്റി ജീവിക്കുന്നതിനുപകരം, സ്വന്തമായ ചോദ്യങ്ങളും അന്വേഷണങ്ങളും പരമാർഥ സത്യത്തെ അറിയാനുള്ള വെമ്പലും ബഷീറിൽ അത്യധികമായിരുന്നു. സാമൂഹികമായ ആവേഗം സ്വാതന്ത്ര്യസമരത്തിൽ പങ്കെടുക്കാൻ ബഷീറിനെ പ്രേരിപ്പിച്ചപ്പോൾ ദാർശനികമായ അന്വേഷണങ്ങൾ അദ്ദേഹത്തെ കൊണ്ടുചെന്നെത്തിച്ചത് ഇസ്‌ലാമിക ദാർശനിക സരണിയായ സൂഫിസത്തിലായിരുന്നു.

തന്റെ മതപാരമ്പര്യം എപ്പോഴും തന്റെ സ്വത്വബോധമായി മനസ്സിൽ സൂക്ഷിച്ചിരുന്ന അദ്ദേഹത്തിന് വളരെ വേഗം ഇണങ്ങിയത് സ്വൂഫിസമായിരുന്നു. സ്വൂഫിസത്തിന്റെ തുറന്ന സ്വതന്ത്രരീതിയും ദൈവവുമായി അലിഞ്ഞു ചേരാനുള്ള വാഞ്ഛയും ബഷീറിനെ ലഹരി പിടിപ്പിച്ചിരിക്കണം. അനുഭവങ്ങൾ തേടിയുള്ള തന്റെ അലച്ചിലും, ഒരു കള്ളിയിലും ഒതുങ്ങി നിൽക്കാത്ത പ്രകൃതവും, ഒരു യാത്രയാണ് ജീവിതമെന്നും പ്രപഞ്ചത്തിലെ സഞ്ചാരിയാണ് മനുഷ്യനെന്നുമുള്ള സ്വൂഫീ ചിന്തകളുമായി വേഗം ഇണങ്ങിയിരിക്കണം. ഇസ്‌ലാമിന്റെ സൗന്ദര്യശാസ്ത്രം ഏറ്റവും കൂടുതൽ അഭിവ്യഞ്ജിപ്പിച്ചിരുന്നതും അതിന്റെ ദാർശനികവും മനഃശാസ്ത്രപരവുമായ വിസ്തൃതതലങ്ങൾ ഉൾക്കൊണ്ടിരുന്നതും സ്വൂഫിസമാണെന്ന് ബഷീർ കരുതിയിരിക്കണം. അതിനാൽ തന്നെ സ്വാഭാവികമായ ഇണക്കം സ്വൂഫിസവുമായി ബഷീറിനുണ്ടായിത്തീർന്നു.

പ്രമുഖ സ്വൂഫീ സൈദ്ധാന്തികരിലൊരാളായിരുന്ന ജലാലുദ്ദീൻ റൂമി തന്റെ *മസ്നവി*യിൽ ഇങ്ങനെ പാടുന്നു:

*ആത്മീയതയിൽ വകഭേദങ്ങളോ*
*അക്കമിടലുകളോ ഇല്ല.*
*ആത്മീയതയിൽ വിഭജനങ്ങളോ*
*വ്യക്തിഭേദങ്ങളോ ഇല്ല.*

മാനവികതയുടെയും സ്വാതന്ത്ര്യത്തിന്റെയും മുഖമുദ്രയായിരുന്ന ഈ സ്വൂഫീ സങ്കൽപം ബഷീർ കൃതികളുടെ ദർശനത്തിൽ ആന്തരികമായി ലയിച്ചു കിടക്കുന്നുണ്ട്.

തനിക്കു പുറത്തുള്ള ലോകത്തെ മനുഷ്യരെയും ചരാചരങ്ങളെയും വസ്തുക്കളെയും തന്നിൽനിന്ന് ഭിന്നമായി കാണാതെ തന്റെ തന്നെ അംശമായി കാണാനുള്ള ഒരു യോഗാത്മക മനസ്സ് ബഷീറി

നുണ്ടായിരുന്നു. അതുകൊണ്ടാണ് പാപികളെയും കള്ളന്മാരെയും അദ്ദേഹം വെറുക്കാതിരുന്നതും അവരോട് കാരുണ്യം പ്രകടിപ്പിച്ചതും. തന്നെ കാണാൻ വീട്ടിലെത്തുന്ന മോഷ്ടാവിന് ഒരുരൂപ കൈനീട്ടം നൽകി സുഖമോഷണം ആശംസിക്കാൻ ബഷീറിനു കഴിയുന്നത് ജീവിതത്തോടുള്ള പ്രത്യേകതരം മനോഭാവവും ഒന്നിലും ഉൾചേരാതെ സാക്ഷിയായി നിൽക്കാനുള്ള സിദ്ധിയും കൊണ്ടാണ്.

ബഷീറിന്റെ പ്രേമകഥകളിലാണ് ഈ വിശാല മാനവികതയും സ്വാതന്ത്ര്യബോധവും അതിതീവ്രമാകുന്നത്. *അനുരാഗത്തിലെ ദിനങ്ങളി*ലെ നായികയായ ദേവി, ബഷീർ ഒരു മുസൽമാനാണല്ലോ എന്ന് ചിന്തിച്ച് അയാളിലേക്കടുക്കാൻ പരുങ്ങിനിൽക്കുമ്പോൾ ബഷീർ പറയുന്നു 'ഞാൻ ഹിന്ദുവോ ജൈനനോ ക്രിസ്ത്യാനിയോ മുസൽമാനോ അല്ല ഒരു കലാകാരനാണ്.'

*നമ്മുടെ ഹൃദയങ്ങൾ* എന്ന കഥയുടെ പശ്ചാത്തലം വടക്കേ ഇന്ത്യയാണ്. വർഗീയ കലാപങ്ങൾ സുലഭമായ ഒരു ചെറുപട്ടണത്തിൽ ഒരു ഗ്രാമീണ കുടുംബത്തോടൊപ്പമാണ് മനോഹർ എന്ന നായകന്റെ ജീവിതം. ബ്രാഹ്മണ കുടുംബത്തിലെ ഏക പുത്രന്റെ സുഹൃത്താണ് മനോഹർ. തന്റെ സുഹൃത്തിന്റെ സഹോദരിയെ മനോഹർ പ്രണയിക്കുന്നുണ്ട്. വർഗീയ കലാപം കൊടുമ്പിരികൊള്ളുന്ന ഒരു സന്ദർഭത്തിൽ മുസൽമാൻമാർ കൊലക്കത്തിക്കിരയാകുമ്പോൾ ബ്രാഹ്മണ പുത്രി മനോഹറിനെ അതു കാണാൻ അനുവദിക്കാതെ വീടിന്റെ അകത്തളത്തിലേക്ക് വലിച്ചു കൊണ്ടുവരുന്നു. മനോഹറിന് സിഗററ്റു വാങ്ങാൻ ആരും അറിയാതെ അവൾ പണം നൽകുകയും അയാളെ ആരാധിക്കുകയും ചെയ്യുന്നു. പക്ഷേ, മനോഹർ ഒരു ദീർഘയാത്രക്കായി ഒരുങ്ങും മുമ്പ് തന്റെ പേര് ഹമീദ് എന്നാണെന്നും താൻ മുസൽമാനാണെന്നും അവളോട് വെളിപ്പെടുത്തുന്നു. ജാതിമത പരിഗണനകൾക്കപ്പുറത്ത് മനുഷ്യരുടെ ഹൃദയങ്ങൾ ഒന്നാണെന്ന രീതിയിലാണ് ബഷീറിന്റെ പ്രണയകഥകളെല്ലാം സഞ്ചരിക്കുന്നത്.

എല്ലാ വസ്തുക്കളിലും ഈശ്വര ചൈതന്യത്തെ കാണുകയും പ്രപഞ്ചങ്ങളായ പ്രപഞ്ചങ്ങളിലെല്ലാം അനുപ്രവേശിച്ചിട്ടുള്ള ഐക്യത്തെ കണ്ടറിയുകയും ചെയ്ത ബഷീർ, സാധാരണ മനുഷ്യരുടെ ജീവിത സങ്കൽപങ്ങളിൽനിന്നും അകന്നുമാറി ജീവിച്ച ഒരാളായിരുന്നു. സാധാരണ തലത്തിൽനിന്ന് മാറിക്കൊണ്ടുള്ള ഈ കാഴ്ചപ്പാട് അദ്ദേഹത്തിൽ ഒരു പ്രത്യേകതരം ഉന്മാദം ഉണ്ടാക്കിയിരുന്നു.

മിസ്റ്റിസിസത്തിന്റെയും അബ്നോർമാലിറ്റിയുടെയും നേർത്ത അതിർത്തികളിലൂടെയാണ് അദ്ദേഹത്തിന്റെ മനസ്സ് എപ്പോഴും സഞ്ചരിച്ചിരുന്നത്. അബ്നോർമലും യോഗാനുഭൂതിയും കെട്ടുപിണഞ്ഞു കിടക്കുന്ന ഈ മനസ്സിൽ നിന്നായിരുന്നു അദ്ദേഹത്തിന്റെ സർഗാത്മകത ചുരകുത്തിയൊഴുകിയിരുന്നത്. നോർമാലിറ്റിയുടെ അംശം കുറവായിരുന്ന ഈ പ്രത്യേക മാനസിക പശ്ചാത്തലം ബഷീറിന് സ്ഥൈര്യത്തിന്റെയും അച്ചടക്കത്തിന്റെയും പാഠങ്ങൾ ജീവിതത്തിൽ പുലർത്താൻ വൈഷമ്യമുണ്ടാക്കിയിരുന്നു. വളരെ ചെറിയ പ്രായം തൊട്ടേ മതഭക്തനും ഈശ്വര വിശ്വാസിയും ആയിരുന്നെങ്കിലും താൻ വിശ്വസിക്കുന്ന മതത്തിന്റെ ജീവിത പദ്ധതിക്കനുസരിച്ചുള്ള മാതൃകാ ജീവിതം ബഷീർ അനുഷ്ഠിച്ചിരുന്നില്ല.

ലോകത്തിലെ തന്റെ അസ്തിത്വത്തെക്കുറിച്ചുള്ള അനേകം ദുരൂഹമായ ചിന്തകൾക്കുള്ള ഉത്തരവും ആ കുഴഞ്ഞുമറിഞ്ഞ ചിന്തകളിൽനിന്നുള്ള മോചനവുമായിരുന്നു ബഷീറിന് ദൈവം. ഭ്രാന്താശുപത്രിയിൽനിന്ന് തന്റെ സുഹൃത്തിനെഴുതിയ കത്തിൽ അദ്ദേഹം ഇങ്ങനെ കുറിച്ചിടുന്നു: "ഞാൻ എല്ലാം അറിയാൻ ശ്രമിച്ചു... ഗോള സമൂഹങ്ങളെപ്പറ്റി. ലോകങ്ങളായ ലോകങ്ങളെ പറ്റി. സൂര്യചന്ദ്രന്മാർ, നക്ഷത്രകോടികൾ. ജീവിതം, മരണം! എന്തിനു ജനിക്കുന്നു?...... മനുഷ്യന്റെ ഒരു മായിക സ്വപ്നമാണോ ഈശ്വരൻ. എന്നാൽ മനുഷ്യന്റെ ഒരു സങ്കൽപമല്ല ഈശ്വരൻ എന്നു ഞാൻ ധരിച്ചിരുന്നു. ഈശ്വരൻ ഉണ്ട്. അല്ലാഹ് എന്നോ ഖുദാ എന്നോ, സർവേശൻ എന്നോ ഗോഡ് എന്നോ എന്തു പേരിട്ടാലും അല്ലാഹ് ഉണ്ട്....." (*സമാഹൃത കൃതികൾ*, പേജ്. 1360).

ദൈവത്തിലുള്ള വിശ്വാസം ബഷീറിന്റെ ദർശനത്തിൽ ആഴത്തിൽ അന്തർലീനമാണ്. നന്മയുടെയും കാരുണ്യത്തിന്റെയും പരമമായ സ്രോതസ്സാണ് ബഷീറിനെ സംബന്ധിച്ചേടത്തോളം ദൈവം. നന്മ ചെയ്യുന്നവനു മാത്രമേ എഴുത്തുകാരനാകാൻ കഴിയുകയുള്ളൂ എന്നും, എല്ലാവരും നന്നാകാനുള്ള വഴി മതങ്ങളിലുണ്ടെന്നും പലപ്പോഴും അദ്ദേഹം പറഞ്ഞിരുന്നു.

*അജ്ഞാതമായ ഭാവിയിലേക്ക്* എന്ന കഥയിൽ അദ്ദേഹം എഴുതുന്നു: 'പ്രാർഥനാലയം ശൂന്യമായപ്പോൾ പുരോഹിതൻ എന്റെ അടുത്തു വന്നു വ്യസനത്തോടെ ചോദിച്ചു. "അങ്ങെന്തുകൊണ്ട് പ്രാർഥനാലയത്തിൽ വരുന്നില്ല? സ്രഷ്ടാവിൽ വിശ്വാസമില്ലേ?"

ഞാൻ പറഞ്ഞു:

"വിശ്വാസമുണ്ട്; പ്രാർഥിക്കുന്നുണ്ട്."

"എന്തിനുവേണ്ടിയാണ് പ്രാർഥിക്കേണ്ടതെന്ന് എനിക്ക് അറിയില്ലെന്ന വിവരം ഞാൻ പറഞ്ഞില്ല. ഒരു പക്ഷേ ഞാൻ തന്നെ, ജീവിതം തന്നെ അനന്തമായ ഒരു പ്രാർഥനയായിരിക്കുമോ?"

നിരന്തരമായ സദ്വൃത്തിയും സദ്ചിന്തയുമാണ് പ്രാർഥന എന്ന അർഥത്തിലാണ്, അനന്തമായ പ്രാർഥനയാണ് ജീവിതം എന്ന് അദ്ദേഹം എഴുതിയത്. അതിനാൽ തന്നെ മതത്തിന്റെ പൊയ്മുഖമണിഞ്ഞ പൗരോഹിത്യത്തെയും വർഗീയതയെയുമെല്ലാം അദ്ദേഹം വെറുത്തു. ചൈതന്യം നഷ്ടമായാൽ എല്ലാ മതസംഹിതകളും അസംബന്ധമോ, പരിഹാസ്യമോ ആകും എന്ന് അദ്ദേഹം കരുതി. ചൈതന്യം നഷ്ടപ്പെട്ട വിശ്വാസികൾ ഷേവു ചെയ്തും രോമം ഒതുക്കി വെട്ടിയും തങ്ങളുടെ മതചിഹ്നങ്ങളെ കൊണ്ടു നടക്കുന്നതിനെയും അങ്ങനെ തങ്ങളുടെ മതത്തെ സ്ഥാപിച്ചെടുക്കുന്നതിനെയും 'രോമമതങ്ങൾ' എന്ന പേരു ചൊല്ലി അദ്ദേഹം പരിഹസിക്കുന്നു (*മാന്ത്രികപ്പൂച്ച*).

മതവിദ്വേഷവും വർഗീയതയും പെരുകിക്കൊണ്ടിരിക്കുന്ന ഈ കാലത്ത് യഥാർഥ മതസൗഹാർദത്തിന്റെയും മതസാഹോദര്യത്തിന്റെയും കണ്ണാടിയായി ബഷീർ കൃതികൾ വർത്തിക്കുന്നു. വ്യത്യസ്ത മതക്കാരും വിശ്വാസികളും ഏകഭാവനയോടെ പെരുമാറുന്ന ജീവിത രംഗങ്ങളാണ് ബഷീർ കഥകൾ. ആനവാരി രാമൻ നായരും പൊൻകുരിശുതോമയും ഒറ്റക്കണ്ണൻ പോക്കറും കളി തമാശകൾ പങ്കിടുന്നതും ജീവിക്കുന്നതും ഒരേ പൊതു ഭൂമികയിലാണ്.

മറ്റു മതക്കാരുടെ വിശ്വാസത്തെ മാനിക്കേണ്ടതിന്റെ മാഹാത്മ്യം തനിക്കു മനസിലായത് തന്റെ പിതാവിൽനിന്നാണെന്ന് *ഓർമയുടെ അറകളിൽ* ബഷീർ പറയുന്നുണ്ട്. കിട്ടൻ എന്ന പാവപ്പെട്ട ചുമട്ടുകാരൻ താമസിച്ചിരുന്നത് ഉമ്മാക്ക് വീതം കിട്ടിയ ഒരു തുണ്ടു ഭൂമിയിലായിരുന്നു. അതിന്റെ മൂലയിലുള്ള കാഞ്ഞിര മരത്തിനു താഴെ കരിങ്കല്ലിൽ കൊത്തിയ ഒരു സർപ്പത്തെ കിട്ടൻ പൂജ നടത്തി ആരാധിച്ചിരുന്നു. ഒരു കച്ചവടക്കാരൻ വന്ന് കാഞ്ഞിരത്തിന് വലിയ വില പറയു

മ്പോൾ വാപ്പ പറയുന്നു: "അതവിടെ നിന്നോട്ടെ അവിടെ പൂജ നടക്കുന്നുണ്ട്," നിങ്ങൾ പൂജയിൽ വിശ്വസിക്കുന്നുണ്ടോ എന്ന് കച്ചവടക്കാരൻ ചോദിക്കുമ്പോൾ വാപ്പ മറുപടി പറയുന്നു: "ഇല്ല, പക്ഷേ മറ്റു മതക്കാരുടെ വിശ്വാസത്തെ മാനിക്കാൻ വിധിയുണ്ട്."

തന്റെ പിതാവിൽനിന്നും പൈതൃകമായി കിട്ടിയ ഇത്തരം മതസൗഹാർദവും പരസ്പര സ്നേഹവുംകൊണ്ട് ബഷീറിന്റെ ജീവിതവും സാഹിത്യവും നിറഞ്ഞിരിക്കുന്നു. *മന്ത്രചരട്* എന്ന കഥയിൽ കഷണ്ടി മുളപ്പിക്കാനായി തീരാത്ത പ്രാർഥനയും നേർച്ചയും നടത്തുന്ന അബ്ദുൽ അസീസും ഭാര്യയുമാണ് മുഖ്യകഥാപാത്രങ്ങൾ. അവർക്ക് സമാന്തരമായി ഇതേ കാര്യത്തിനായി അവരുടെ ആത്മമിത്രങ്ങളായ ശങ്കരൻ നായരും ഭാര്യയും പ്രാർഥനയും നേർച്ചയും നടത്തുന്നുണ്ട്. കുടുംബ ജീവിതത്തിന്റെ സൗന്ദര്യവും മതസൗഹാർദത്തിന്റെ നറുമയും ഒരേരീതിയിൽ കാണിച്ചുതരുന്ന ഈ കഥയിൽ വർഗീയതയുടെ പ്രതീകമായി ബഷീർ കൊണ്ടുവരുന്നത് അസീസിന്റെ വീട്ടിലും അയൽപക്കത്തുമുള്ള പട്ടികളെയാണ്. അയൽപക്കത്തെ ഹിന്ദുഭവനത്തിലെ പട്ടിയിൽനിന്ന് പ്രണയ നൈരാശ്യം നേരിട്ട അബ്ദുൽ അസീസിന്റെ വളർത്തു പട്ടി, വീട്ടിലെത്തിയ ഹിന്ദുക്കളെ തെരഞ്ഞു പിടിച്ച് കടിച്ചു എന്ന് തീവ്രമായ ഫലിതബോധത്തോടെ ബഷീർ എഴുതുമ്പോൾ, വർഗീയത ജന്തുസഹജമായ ഒരു വികാരമാണെന്ന ദ്വയാർഥമാണ് അദ്ദേഹം നൽകുന്നത്.

ബ്രിട്ടീഷ് സാമ്രാജ്യത്വവും, മനുഷ്യരാശിക്ക് അവകാശപ്പെട്ട സുഖസൗകര്യങ്ങൾ കൈയടക്കി വെക്കുന്ന ധനികവർഗവും, അന്ധവിശ്വാസത്തിലൂടെ വിശ്വാസികളെ ചൂഷണം ചെയ്യുന്ന പൗരോഹിത്യവും തുടങ്ങി പലതരം അധികാര രൂപങ്ങളിൽപെട്ടു ഞെരിയുന്ന മനുഷ്യന്റെ അസ്വാതന്ത്ര്യവും വേദനയും ബഷീർ ആവിഷ്കരിക്കുകയും അവയോടെല്ലാം പകയുടെയോ വിദ്വേഷത്തിന്റെയോ രീതിയിലല്ലാതെ നിസ്സംഗമായ ഹാസ്യത്തിലൂടെയും കരുണയിലൂടെയും പ്രതികരിക്കുകയും ചെയ്തു. ബഷീറിൽ തിന്മക്കെതിരായ കലാപവും മനുഷ്യന്റെ സുസ്ഥിരതക്കുള്ള രക്ഷാമാർഗവുമാണ് നർമബോധം. 'കണ്ണീരു വരാൻതുടങ്ങുമ്പോൾ ഞാൻ ചിരിച്ചു പോകുന്നു' എന്ന് അദ്ദേഹം ഒരു കൃതിയിൽ എഴുതുന്നു.

ദേശം, ഭാഷ, ലിംഗം, സാമ്പത്തികം, പ്രായം എന്നിങ്ങനെ എല്ലാത്തരം ഭേദങ്ങൾക്കുമപ്പുറം മനുഷ്യ സത്ത ഒന്നാണെന്ന വിശ്വമാനവികതയുടെയും, അടങ്ങാത്ത മനുഷ്യ സ്നേഹത്തിന്റെയും എഴുത്തുകാരനാണ് ബഷീർ. ലോകത്തെ അതിന്റെ കുറ്റവും കുറവോടും കൂടി കാണാനും, കരുണയോടും സ്നേഹത്തോടും കൂടി അനീതിയെയും തിന്മയെയും കൈകാര്യം ചെയ്യാനും അദ്ദേഹത്തിനു കഴിഞ്ഞു. 'ഭൂമിയിൽ മരങ്ങൾ വെച്ചു പിടിപ്പിക്കുന്നത് ദൈവപ്രീതി ലഭ്യമാക്കുന്ന സൽകർമമാണ്' എന്ന പ്രവാചക വചനത്തെ അന്വർഥമാക്കുമാറ് താൻ ചെല്ലുന്നിടത്തെല്ലാം അദ്ദേഹം മരങ്ങളും പൂച്ചെടികളും വെച്ചു പിടിപ്പിക്കുകയും, ദുരന്തങ്ങളുടെയും ദുരിതങ്ങളുടെയും ജീവിത ഗാഥകൾക്കിടയിൽ ജീവിതത്തെ മലർവാടിയാക്കാൻ പരിശ്രമിക്കുകയും ചെയ്തു.

മനുഷ്യവംശത്തെയും പ്രകൃതിയെയും തങ്ങളുടെ ആർത്തിക്കു ഇരയാക്കുന്ന സാമ്രാജ്യത്വത്തെയും മുതലാളിത്തത്തെയും, മനുഷ്യ സമുദായത്തിന്റെയും ചരാചര പ്രകൃതിയുടെയും ഏകീഭാവത്തിലുള്ള സ്നേഹകൂട്ടായ്മകൊണ്ട് അദ്ദേഹം തന്റെ കൃതികളിലൂടെ പ്രതിരോധിച്ചു.

സാങ്കേതിക വിദ്യയുടെ അതി നൂതനമായ കണ്ടുപിടുത്തങ്ങൾകൊണ്ട് അതിശീഘ്രം മുന്നോട്ടു പോകുന്ന ലോകത്തിന്റെ ദുരന്ത ഭീതികളിലേക്ക്, പലപ്പോഴും പഴഞ്ചനെന്നു വിളിക്കപ്പെടുന്ന മതബോധത്തിൽനിന്നും ആസ്തിക്യബോധത്തിൽനിന്നും മധുരോദാരമായ മൂല്യങ്ങൾ അദ്ദേഹം വിളമ്പി.

പുരോഹിതരും മതവിശ്വാസങ്ങളും പലപ്പോഴും പരമ്പരാഗതമായി കിട്ടിയ മാതൃകകളിലൂടെയാണ് മതത്തെയും ദൈവത്തെയുമൊക്കെ വിലയിരുത്തുന്നതും അവയെ പ്രാപിക്കാൻ ശ്രമിക്കുന്നതും. എന്നാൽ സർഗാത്മകതകൊണ്ട് അനുഗൃഹീതരായ എഴുത്തുകാർക്ക് ദൈവത്തിലേക്ക് അനേകം വഴികളുണ്ട്. തന്റെ സർഗാത്മകതയുടെ പിടിതരാത്ത ആഴങ്ങൾ കൊണ്ടും, അസാധാരണവും അതുല്യവുമായ ചിന്താരീതികൾ കൊണ്ടും, താൻ ഉൾക്കൊണ്ട മതസ്വത്വത്തെയും ആത്മീയതയെയും ബഷീർ സംസ്കാരത്തിലും സാഹിത്യത്തിലും അടയാളപ്പെടുത്തുകയാണ് ഉണ്ടായത്. അത് ആഴത്തിൽ അനുഭവിക്കാൻ ചെറിയ അറകളിലും നിർവചനങ്ങളിലും ഒതുങ്ങിക്കഴിയുന്ന നമ്മൾ നമ്മുടെ കാഴ്ചയുടെ ജാലകങ്ങൾ വിശാലതകളിലേക്ക് തുറക്കേണ്ടിയിരിക്കുന്നു. ■

(അവസാനിച്ചു)

